കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695 001
ഫോൺ 0471 - 2331159, 2330558
Email : cei@ceikerala.gov.in

An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടി ക്രമം**
**ഹാജർ : അനിൽകുമാർ വി.സി.**

വിഷയം: ജീവനക്കാര്യം - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ - സ്ഥലം മാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സർക്കാർ ഉത്തരവ് നമ്പർ (Rt.) 348/2017/PD തീയതി, 13.10.2017.
2. 15.11.2017-ലെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഇ2-2182/2017/സി.ഇ.ഐ എന്ന നമ്പർ കത്ത്.
3. 22.11.2017-ലെ ആലപ്പുഴ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഇ-6310/2017/ഇ.ഐ.എ എന്ന കത്തും ശ്രീമതി. അഞ്ജന.എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയും.
4. സ.ഉ.(പി) നമ്പർ-3/2017/ഉഭപവ. തീയതി, 25.02.2017

**<u>ഉത്തരവ് നമ്പർ ഇ2-2182/17/സി.ഇ.ഐ തീയതി 23/11/2017</u>**

പരാമർശം (1)ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ. സലിം.എച്ച്-നെ പരാമർശം(2) പ്രകാരം അടിയന്തിരമായി വിടുതൽ ചെയ്യാൻ നിർദ്ദേശിച്ചിരുന്നു.

പരാമർശം(3)-ലെ അപേക്ഷ പ്രകാരം ആലപ്പുഴ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീമതി. അഞ്ജന.എസ്. സ്വന്തം ജില്ലയായ തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളതാകുന്നു. അപേക്ഷയോടൊപ്പം മെഡിക്കൽ റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം(4)-ലെ സർക്കാർ ഉത്തരവിലെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് ടിയാളെ തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. സ്ഥലം മാറ്റം അപേക്ഷ പ്രകാരമായതിനാൽ യാത്രപ്പടിയ്ക്കും തയ്യാറെടുപ്പ് കാലത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്/-

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

ശ്രീമതി. അഞ്ജന.എസ്.,
അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ മുഖേന)

പകർപ്പ്:
1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ
3. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5. അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
6. എച്ച് സെക്ഷൻ
7. കരുതൽ/അധികം.

ഉത്തരവിൻ പ്രകാരം

സീനിയർ സുപ്രണ്ട്